## ഭരണഭാഷ-മാതൃഭാഷ

# കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 670001**

**GSTIN:32AAALT1117B1ZR**

**ഫോൺ നമ്പർ : 0497-2700141**

**https://kannurcorporation.lsgkerala.gov.in, kannurmunicipalcorporation@gmail.com**

നമ്പർ: 1346861-2024 തീയതി : 21-08-2024

R9/1346861-24

കണ്ണൂർ മുനിസിപൽ കോർപറേഷൻ താവക്കര വനിത ഹോസ്റ്റൽ കരട് ബൈലോ വിജ്ഞാപനം

കണ്ണൂർ മുനിസിപൽ കോർപറേഷൻ കൌൺസിലിന്റെ 31/12/13 തീയ്യതിയിലെ 46ാം നമ്പർ തീരുമാനപ്രകാരം കണ്ണൂർ മുനിസിപൽ കോർപറേഷൻ പരിധിയിലെ താവക്കരയിൽ പ്രവർത്തിക്കുന്ന വനിത ഹോസ്റ്റൽ നടത്തിപ്പിനായുള്ള കരട് ബൈലോ അംഗീകരിച്ചിട്ടുണ്ട് .കണ്ണൂർ മുനിസിപൽ കോർപറേഷന്റെ വെബ്സൈറ്റിലും(www,kannurcorparation .lsgkerala.gov.in) ഓഫീസ് നോട്ടീസ് ബോർഡിലും പ്രസിദ്ധികരിച്ചിട്ടുണ്ട് .കൂടാതെ ബന്ധപ്പെട്ട സെക്ഷനിലുംവന്യൂ ഓഫീസറുടെ പക്കലും പരിശോധനയ്ക്കായി ലഭ്യമാണ്.ആയതിൽ ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതാണ്.

സെക്രട്ടറി

കണ്ണൂർ കോർപറേഷൻ

Document certified by T G AJESH <TGAJESH@GMAIL.COM>.

Digitally signed by T G AJESH
Date: 2024.08.21 21:03:04 IST
Reason: KSMART

# കണ്ണൂർ നഗരസഭാ വനിതാ ഹോസ്റ്റൽ ബൈലോ 2013
## കരട്

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 567 മുതൽ 574 വരെ വകുപ്പുകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 2013 തീയ്യതിയിലെ ------- ൦൦ നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് താഴെപ്പറയുന്ന ബൈലോ ഉണ്ടാക്കിയിരിക്കുന്നു.

**I ചുരുക്ക പേരും പ്രാരംഭവും**

1) കണ്ണൂർ നഗരസഭ വക വനിതാ ഹോസ്റ്റൽ നടത്തിപ്പിനായുള്ള ഈ നിബന്ധനകൾ കണ്ണൂർ നഗരസഭാ വനിതാ ഹോസ്റ്റൽ ബൈലോ 2013 എന്നറിയപ്പെടും.

2) ഈ ബൈലോ കേരള മുനിസിപ്പാൽ നിയമത്തിലെ വകുപ്പ് 572 പ്രകാരം കേരള സർക്കാരിൽ നിന്ന് അംഗീകാരം ലഭിക്കുന്ന തീയ്യതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**II നിർവ്വചനങ്ങൾ**

**ഈ ബൈലോവിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം:-**

a) "കൗൺസിൽ" എന്നാൽ കണ്ണൂർ നഗരസഭാ കൗൺസിൽ എന്ന് അർത്ഥമാകുന്നു.

b) "സ്റ്റാന്റിംഗ് കമ്മിറ്റി" എന്നാൽ ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മിറ്റി എന്ന് അർത്ഥമാകുന്നു.

c) "ചെയർമാൻ" എന്നാൽ കണ്ണൂർ നഗരസഭാ ചെയർമാൻ എന്ന് അർത്ഥമാകുന്നു.

d) "സെക്രട്ടറി" എന്നാൽ കണ്ണൂർ നഗരസഭാ സെക്രട്ടറി എന്ന് അർത്ഥമാകുന്നു

e) ഹോസ്റ്റൽ എന്നാൽ കണ്ണൂർ നഗരസഭയുടെ അധീനതയിൽ ഉള്ളതും കണ്ണൂർ 1 അംശം കരാറിനകം ദേശത്ത് താവക്കരയിൽ റി.സ ----- യിൽപ്പെട്ട ---- ഹെക്ടർ സ്ഥലത്ത് കണ്ണൂർ നഗരസഭാ പരിധിയിൽ തൊഴിലെടുക്കുന്ന വനിതകൾക്ക് ഇതിലെ നിബന്ധന പ്രകാരം വാടക നൽകി താമസത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി പണി കഴിപ്പിച്ച "കണ്ണൂർ ഗരസഭാ വനിതാ ഹോസ്റ്റൽ" എന്ന പേരിലുള്ള കെട്ടിടവും അനുബന്ധ സൗകര്യങ്ങളും എന്ന് അർത്ഥമാകുന്നു.

f) "ലൈസൻസി" എന്നാൽ ഹോസ്റ്റൽ നടത്തിപ്പിനായി കണ്ണൂർ നഗരസഭ ഏല്പിച്ചു കൊടുക്കുന്ന സംവിധാനം എന്ന് അർത്ഥമാക്കുന്നു.

g) "ഉദ്യോഗസ്ഥൻ" എന്നാൽ ഈ ഹോസ്റ്റലിന്റെ നടത്തിപ്പിനായി സെക്രട്ടറി ചുമതലപ്പെടുത്തുന്ന കണ്ണൂർ നഗരസഭയിലെ വനിതാ ഉദ്യോഗസ്ഥ എന്ന് അർത്ഥമാകുന്നു.

h) "ജംഗമ വസ്തുക്കൾ" എന്നാൽ ഹോസ്റ്റലിൽ ഉള്ള ഫർണിച്ചറുകളും ഉപകരണങ്ങളും മറ്റു ഇളകുന്ന മുതലുകളും എന്ന് അർത്ഥമാകുന്നു.

**III പ്രവർത്തനം**

1) നഗരസഭ നേരിട്ടോ വനിതകളുടെ ക്ഷേമത്തിനായി വനിതകളാൽ നടത്തപ്പെടുന്ന രജിസ്റ്റർ ചെയ്ത് ചുരുങ്ങിയത് മൂന്നു വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കണ്ണൂർ ~~നഗരസഭാ പ്രദേശത്ത്~~ രജിസ്ട്രേഡ് ഓഫീസ് പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റി/ ചാരിറ്റബിൾ ട്രസ്റ്റ്/ കോ-ഓപ്പറേറ്റീവ് സൊസൈറ്റി/കുടുംബശ്രീ യൂണിറ്റ് എന്നിവകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഹോസ്റ്റൽ നടത്തിപ്പിന് യോഗ്യരായവരെ കൗൺസിൽ അംഗീകരിച്ച് നിശ്ചിതകാലത്തേക്ക് ലൈസൻസിയായി തീരുമാനിച്ച് ഈ ബൈലോകളിലെ വ്യവസ്ഥയനുസരിച്ച് നടത്തിപ്പിനായി ഏല്പിച്ചു കൊടുത്തുകൊണ്ട് ഹോസ്റ്റൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

2) ലൈസൻസിയെ നിയമിക്കുമ്പോൾ കൂടുതൽ പ്രവർത്തന പാരമ്പര്യവും സാമ്പത്തിക ഭദ്രതയും ഉള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്.

3) ലൈസൻസിയെ മൂന്ന് കൊല്ലക്കാലത്തേക്ക് നിയമിക്കാവുന്നതാണെങ്കിലും ഓരോ വർഷവും ലൈസൻസ് ഫീസായി കൗൺസിൽ നിശ്ചയിക്കുന്ന തുകയും ഡപ്പോസിറ്റായി 5000/- രൂപയും (അയ്യായിരം രൂപയും) ലൈസൻസി നഗരസഭയിൽ അടക്കേണ്ടതാണ്. ലൈസൻസ് വർഷാവർഷം പുതുക്കേണ്ടതുമാണ്.

4) ഹോസ്റ്റലിൽ പ്രവേശിപ്പിക്കുന്ന ഒരാളിൽ നിന്ന് ഒരു മാസത്തേക്ക് ഒരു ബെഡിന് 600/- രൂപ പ്രകാരം ലൈസൻസി ഈടാക്കേണ്ടതും അതിൽ പകുതി ലൈസൻസി എല്ലാ മാസത്തിന്റെയും അവസാന പ്രവൃത്തി ദിവസത്തിൽ നഗരസഭയിൽ അടക്കേണ്ടതുമാണ്. വിദ്യാർത്ഥികളിൽ നിന്ന് ഒരു ബെഡിന് 500/- രൂപ(അഞ്ഞൂറ് രൂപ) ഈടാക്കിയാൽ മതിയാകുന്നതാണ്. ഈ നിരക്കിൽ ആവശ്യമാണെങ്കിൽ കൗൺസിലിന് മാറ്റം വരുത്താവുന്നതാണ്. സർക്കാർ വ്യവസ്ഥ പ്രകാരം ആവശ്യമായ സർവ്വീസ് ചാർജ്ജ് അധികമായി ഈടാക്കേണ്ടതും പ്രസ്തുത തുക സർക്കാരിലേക്ക് ലൈസൻസി നേരിട്ട് അടച്ച് രശീതി സൂക്ഷിക്കേണ്ടതുമാണ്.

5) ഹോസ്റ്റലിന്റെ പ്രവർത്തനം സ്ത്രീകളുടെ വികസനത്തിനായി നഗരസഭയിൽ പദ്ധതികൾക്കായി രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്ത് ആവശ്യമായ ശുപാർശകൾ നഗരസഭയ്ക്ക് നൽകേണ്ടതാണ്.

6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മേൽനോട്ടവും നിയന്ത്രണവും ഹോസ്റ്റൽ പ്രവർത്തനത്തിൽ ഉണ്ടാകേണ്ടതും മാസത്തിൽ ഒരു തവണയെങ്കിലും ഹോസ്റ്റൽ സന്ദർശിച്ച് മുറികളുടെ ഭദ്രത, ശുചിത്വം,പരിസര ശുചിത്വം അന്തേവാസികളുടെ ക്ഷേമം എന്നീ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതും വനിതാ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം വിളിച്ചു ചേർത്ത് അതിന്റെ അഭിപ്രായം സ്വരൂപീക്കേണ്ടതും പരിഹരിക്കേണ്ട പ്രശ്നങ്ങളുണ്ടെങ്കിൽ ചെയർമാന്റെ ശ്രദ്ധയിലും ആവശ്യമാണെങ്കിൽ കൗൺസിലിന്റെ ശ്രദ്ധയിലും കൊണ്ടു വരേണ്ടതാണ്.

7) സെക്രട്ടറി ഹോസ്റ്റൽ കാര്യങ്ങൾ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത ഉദോഗസ്ഥനിൽ നിന്ന് വരവു വിവരവും റിപ്പോർട്ടും എല്ലാ മാസവും 5 ാം തീയ്യതിക്കുള്ളിൽ ശേഖരിച്ച് ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

8) കെട്ടിടത്തിന് അനുബന്ധ സൗകര്യങ്ങളൊരുക്കുക, റിപ്പേർ ചെയ്യുക, മെയിന്റനൻസ് പ്രവൃത്തി ചെയ്യുക, വൈദ്യുതിയും വെള്ളവും ലഭ്യമാക്കുക, ആവശ്യമായ ഫർണ്ണീച്ചറുകൾ, ഉപകരണങ്ങൾ, ബെഡുകൾ, ബെഡ് ഷീറ്റുകൾ, തലയിണ തുടങ്ങിയവ ലഭ്യമാക്കുക എന്നീ കാര്യങ്ങൾ നഗരസഭയുടെ ചമതലയിൽപ്പെട്ടതാണ്.

9) കണ്ണൂർ നഗരസഭാ വനിതാ ഹോസ്റ്റൽ എന്ന തലക്കെട്ടോടെ ഏജൻസിയുടെ പേരും വെച്ചുള്ള രശീതിപ്രകാരമായിരിക്കണം ലൈസൻസി വാടക ഈടാക്കേണ്ടത്. രശീതികളും രജിസ്റ്ററുകളും നഗരസഭാ ഉദ്യോഗസ്ഥ പരിശോധിക്കുന്നതുമാണ്.

10) ലൈസൻസ് വ്യവസ്ഥയിൽ ഏല്പിച്ചു കൊടുക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ കൂടി പാലിച്ചു കൊണ്ടുമാത്രമേ ലൈസൻസി വനിതാ ഹോസ്റ്റൽ പ്രവർത്തിപ്പിക്കാൻ പാടുള്ളൂ.

a) ഹോസ്റ്റലിന് ലൈസൻസിയുടെ ഉത്തരവാദിത്തത്തിൽ ഒരു സ്ഥിരം മേട്രനും വാച്ചുമേനും ഉണ്ടായിരിക്കണം. ഇവരെ ലൈസൻസിക്ക് നിയമിക്കാവുന്നതാണ്.

b) മേട്രൻ ചുരുങ്ങിയത് എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യതയുള്ള 35 വയസ്സ് പൂർത്തിയായ വനിതയായിരിക്കണം.

c) ഹോസ്റ്റലിൽ താമസക്കാരെ പ്രവേശിപ്പിക്കലും ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനവും നടത്തിപ്പും മേട്രന്റെ ചുമതലയിലായിരിക്കണം.

d) ഹോസ്റ്റലിൽ പ്രവേശനം നൽകുന്നത് അനുബന്ധം (1) പ്രകാരമുള്ള അപേക്ഷാ ഫോറത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

e) പ്രവേശനം നൽകുന്ന വനിതയെ പരിചയപ്പെടുത്തികൊണ്ട് തൊഴിലെടുക്കുന്ന സ്ഥാപന മേധവിയുടെ സാക്ഷ്യപത്രം ഹാജരായിരിക്കണം.

f) വിദ്യാർത്ഥിനികൾക്ക് പ്രവേശനം നല്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും, രക്ഷിതാവിന്റെ അനുവാദപത്രവും ഹാജരാക്കിയിരിക്കണം.

g) അന്തേവാസി വൈകീട്ട് 7 മണിക്ക് മുമ്പായി ഹാജരാകേണ്ടതും, 7 മണിക്ക് ശേഷം അന്യർക്ക് പ്രവേശനം ഇല്ലാത്തതുമാകുന്നു. 7 മണിക്ക് ശേഷം അന്തേവാ സികൾക്ക് ഹോസ്റ്റൽ വളപ്പിന് പുറത്തേക്ക് പോകുന്നതിന് അനുമതി നൽകുന്നതല്ല. അടിയന്തിര ഘട്ടത്തിൽ വേണ്ടി വന്നാൽ രക്ഷിതാവിന്റെ കൂടെ മാത്രമേ അയക്കുകയുള്ളൂ. പകലോ രാത്രിയിലോ ഹോസ്റ്റലിൽ പുരുഷന്മാരായ യാതൊരാളെയും ഹോസ്റ്റലിൽ പാർപ്പിക്കുകയോ വിശ്രമിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

h) ഒരാൾ നല്കേണ്ട വാടക ഒരു ബെഡ്ഡിന് ഒരു മാസത്തേക്ക് 600/- രൂപയാണ്. എന്നാൽ വിദ്യാർത്ഥിനികളാണ് താമസമെങ്കിൽ ഒരു ബെഡ്ഡിന് ഒരു മാസത്തേക്ക് 500/- രൂപയാണ് വാടക.

i) അപ്രകാരം ഈടാക്കുന്ന വാടകയിൽ നിന്നും പകുതി ഓരോ മാസവും നഗരസഭക്ക് നൽകേണ്ടതാണ്.

j) വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, വാട്ടർ ചാർജ്ജ്, മേട്രൻ, വാച്ചുമാൻ എന്നിവരുടെ ശമ്പളം ക്ലീനിംഗ് ചാർജ്ജ്, ബെഡ്ഷീറ്റ് അലക്കുകൂലി എന്നിവ ലൈസൻസി വഹിക്കേണ്ടതാണ്.

k) താമസിക്കുന്നവരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തികൊണ്ടുള്ള ഒരു രജിസ്റ്റർ മേട്രൺ സൂക്ഷിക്കേണ്ടതാണ്. (ഒരു മുറിക്ക് ഒരു പേജ് ക്രമത്തിൽ)

l) താമസക്കാരിൽ നിന്നും 1000/- രൂപ മുൻകൂറായി ഈടാക്കാവുന്നതും, ഒഴിഞ്ഞു പോകുമ്പോൾ അവരുണ്ടാക്കിയ വല്ല കഷ്ടനഷ്ടങ്ങളുടെയും ചിലവ് കഴിച്ച് ബാക്കി തുക തിരിച്ചു നൽകേണ്ടതുമാണ്. ഈടാക്കിയ കഷ്ടനഷ്ടങ്ങളുടെ തുക നഗരസഭയിൽ ലൈസൻസി അടക്കേണ്ടതാണ്.

m) വാടക ഓരോ മാസവും മുൻകൂറായി ഈടാക്കാവുന്നതാണ്. വാടക ഒരു മാസത്തെ ഗുണിതങ്ങളായി മാത്രമേ കണക്കാക്കാൻ പാടുള്ളൂ.

n) ഹോസ്റ്റൽ താമസക്കാർക്കുവേണ്ടി ഒരു മെസ് ലൈസൻസിക്കു തുടങ്ങാവുന്നതാണ്.

o) അപ്രകാരം തുടങ്ങുന്ന മെസ് ലൈസൻസിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലുമായിരിക്കും. പാചക പാത്രങ്ങൾ നഗരസഭ നൽകുന്നതും ഇന്ധന ചെലവും പാചകക്കാരുടെ കൂലിയും ലൈസൻസി വഹിക്കേണ്ടതുമാകുന്നു.

p) ഇതിനായി താമസക്കാരടങ്ങുന്ന മെസ്സ് കമ്മിറ്റി രൂപീകരിക്കാവുന്നതും ഓരോ മാസത്തെയും ചിലവനുസരിച്ചുള്ള അനുപാതത്തിൽ ചിലവ് ഈടാക്കാവുന്നതുമാണ്. ഭക്ഷണകാര്യത്തിൽ മെസ്സ് കമ്മിറ്റിയുടെ അഭിപ്രായം ലൈസൻസി പരിഗണിക്കേണ്ടതുമാണ്.

q) നഗരസഭാ സെക്രട്ടറി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥയും നഗരസഭയുടെ വനിതാകൾക്കായുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയും ആവശ്യാനുസരണം ഹോസ്റ്റൽ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി ഉചിതനടപടിക്ക് നഗരസഭക്ക് നൽകുന്നതാണ്.

r) നഗരസഭക്ക് വേണ്ടി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലായിരിക്കും ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും കണക്കുകൾ പരിശോധിച്ച് അപാകതകൾ അടുത്ത കൗൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

s) ഹോസ്റ്റലിനകത്തോ പരിസരത്തോ യാതൊരുവിധ സംഘടനാ പ്രവർത്തനങ്ങളോ യോഗങ്ങളോ പാടുള്ളതല്ല. ഹോസ്റ്റലിന്റെയും നഗരസഭയുടെയും അന്തസ്സിനെ ഹനിക്കുന്നതരത്തിലുള്ള യാതൊരു വിധ പ്രവർത്തനവും പാടുള്ളതല്ല.

t) ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ വിവരം സെക്രട്ടറിയെ അറിയിച്ച് ലൈസൻസി പരിഹാരം തേടേണ്ടതാണ്. ഹോസ്റ്റലിലോ പരിസരത്തോ ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ കുറ്റകരമായ പ്രശ്നങ്ങളോ സംഭവങ്ങളോ ഉണ്ടായാൽ ലൈസൻസി ഉടൻ നഗരസഭയെ അറിയിച്ച് നടപടിക്ക് വിധേയമാക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ പോലീസ് സഹായം ആവശ്യമുള്ള കാര്യങ്ങൾ മേട്രൻ പോലീസിൽ വിവരം അറിയിച്ച് നഗരസഭയെയും ലൈസൻസിയേയും അറിയിക്കേണ്ടതാണ്.

u) ഹോസ്റ്റലിലോ പരിസരത്തോ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അശ്രദ്ധമായി നിക്ഷേപിക്കാൻ പാടുള്ളതല്ല. കഴിയുന്നതും പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മറ്റ് പ്ലാസ്റ്റിക്ക് സഞ്ചികൾ എന്നിവയുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്.

v) ഹോസ്റ്റലിന്റെ നടത്തിപ്പിൽ അപാകതകൾ വരികയോ പരാതികളുണ്ടാകുകയോ ചെയ്താൽ നോട്ടീസ് വഴി വിശദീകരണം ചോദിച്ച് തൃപ്തികരമല്ലെങ്കിൽ ലൈസൻസിയെ ഒഴിവാക്കി പകരം ലൈസൻസിയെ നിയോഗിക്കുന്നതിന് അധികാരം കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്. അങ്ങിനെ വരുമ്പോൾ ലൈസൻസി നിയമിച്ച മേട്രനും വാച്ചുമേനും ചുമതലയിൽ നിന്ന് ഒഴിവാകേണ്ടതുമാണ്.

w) നഗരസഭയിൽ നിന്ന് ഹോസ്റ്റൽ ആവശ്യത്തിന് ഏറ്റുവാങ്ങുന്ന ജംഗമ വസ്തുക്കൾക്ക് ലൈസൻസി രശീതി നൽകേണ്ടതും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഹോസ്റ്റലിൽ ലൈസൻസി സൂക്ഷിക്കേണ്ടതും ലൈസൻസി ഒഴിയുമ്പോൾ സ്റ്റോക്കു രജിസ്റ്ററും അതു പ്രകാരമുള്ള ജംഗമ വസ്തുക്കളും നഗരസഭയ്ക്ക് കൈമാറി രശീതി വാങ്ങേണ്ടതുമാണ്. എല്ലാ വർഷവും നഗരസഭ നിശ്ചിയിക്കുന്ന സ്റ്റോക്ക് പരിശോധനാ സംഘം ജംഗമ വസ്തുക്കളുടെ സ്റ്റോക്ക് പരിശോധന നടത്തി റിപ്പോർട്ട് നഗരസഭയ്ക്ക് നൽകേണ്ടതുമാണ്.

17 ഈ നിബന്ധനകൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നതിനോ കൂട്ടി ചേർക്കുന്നതിനോ കൗൺസിലിന് അധികാരമുണ്ടായിരിക്കും.

സെക്രട്ടറി
കണ്ണൂർ നഗരസഭ